സ്ഥാപകൻ: എ. എസ്. ഹമീദ് സാഹിബ് (മർഹൂം)
മാർഗ്ഗദർശി: കലാപ്രേമി ബഷീർബാബു
ചെയർമാൻ: എം. മുഹമ്മദ് മാഹീൻ

# കലാപ്രേമി

follow us: www.kalapremidaily.com, www.facebook.com/kalapremidaily
സ്ഥാപിതം: 1961 • പ്രഭാതദിനപത്രം • രജി: നമ്പർ KL/TV (N) 79/2009- 2011
മൊബൈൽ: 9207422791 തിരുവനന്തപുരം – 695573

KALAPREMI DAILY

KALAPREMI.IN

പുസ്തകം – 63 ലക്കം 069 2024 മാർച്ച് 14 വ്യാഴം തിരുവനന്തപുരം Email: kalapremitvm@gmail.com Phone: 9207422791 പേജ് 4 വില–5

# ആഗോള ആയുർവേദ ആചാര്യൻ അന്തരിച്ചു

## ഡോ. മുഹമ്മദ് മജീദിന് പ്രാർത്ഥനഞ്ജലികൾ



തിരുവനന്തപുരം: ആയുർവേദ ആഗോള ആചാര്യൻ ഡോ. മുഹമ്മദ് മജീദ് (75) മദ്രാസിലെ അപ്പോളോ ഹോസ്പിറ്റലിൽ വച്ച് 13ന് പകൽ മരിച്ചു.

മൃതദേഹം വൈകുന്നേരം ബാംഗ്ലൂരിൽ കൊണ്ടുവന്ന് പൊതുദർശനത്തിനു ശേഷം 15ന് ഖബറടക്കം. കഴിഞ്ഞ കുറെ ദിവസങ്ങളായി അദ്ദേഹം മാരകമായ രോഗം ബാധിച്ച് ചികിത്സയിലായിരുന്നു.

## ആയുർവേദത്തിൽ പുതിയ മാനങ്ങൾ നെയ്തെടുത്ത ഡോ. മജീദ്

### സമി സബിൻസ ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാൻ

ആയുർവേദത്തെ ആധുനിക ശാസ്ത്രവുമായി കൂട്ടിയിണക്കിയ ബഹുരാഷ്ട്ര ഫാർമ കമ്പനി സമി സബിൻസ ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാൻ ഡോ. മുഹമ്മദ് മജീദ് 75 ചെന്നൈയിൽ അന്തരിച്ചു . ബാംഗ്ലൂരിൽ ഖബറടക്കം. 400 ൽ അധികം രാജ്യാന്തര പേറ്റന്റുകളുള്ള കമ്പനിയുടെ വാർഷിക വിറ്റുവരവ് 1200 കോടിയിലേറെ രൂപയാണ്. മഞ്ഞളിന്റെ മഞ്ഞനിറം കളഞ്ഞ് കുറുക്കുമിൻ സ്ഥാപിച്ച മജീദ് കുരു മുളകിൽ നിന്നും വേർതിരിച്ചെടുക്കുന്ന ബയോപെരിൻ, ബ്രഹ്മിയിൽ നിന്നുള്ള ബാക്കോപിൻ,വെളുത്തുള്ളിയിൽ നിന്നുള്ള സെലിനിയം തുടങ്ങിയ അനേകം ഉൽപ്പന്നങ്ങളിലൂടെ ലോക വിപണികൾ കീഴടക്കിയ ഡോ.മുഹമ്മദ് മജീദിന്റെ കണ്ടുപിടുത്തങ്ങൾ സാധാരണ കർഷകർക്കും നേട്ടമായി.

യുഎസ് കോൺഗ്രസിന്റെ എല്ലിസ് ഐലൻഡ് മെഡൽ ഓണർ പുരസ്കാരം നേടിയിട്ടുണ്ട്. കയറ്റുമതി മികവിനുള്ള കേന്ദ്രസർക്കാരിന്റെ ബഹുമതികളും നേടി. 17 ശാസ്ത്ര പുസ്തകങ്ങൾ രചിച്ചു.

കൊല്ലം വലിയകടക്കാരൻ കുടുംബാംഗമായ മുഹമ്മദ് മജീദ് തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് ബിഫാമിനു ശേഷം ഇൻഡസ്ട്രിയൽ ഫാർമസിയിൽ എംഎസും തുടർന്ന് ന്യൂയോർക്കിലെ സെന്റ് ജോൺ സർവകലാശാലയിൽ നിന്ന് പി എച്ച് ഡിയും നേടി.

കാർട്ടർ വാലസ്,പാക്കൊ ഫാർമസ്യൂട്ടിക്കൽ, ഫൈസർ എന്നിവിടങ്ങളിൽ ജോലി ചെയ്തശേഷം 1988 സാബിൻസ കോർപ്പറേഷൻ എന്ന പേരിൽ ന്യൂജേഴ്സിയിൽ കമ്പനി ആരംഭിച്ചു.

1991 ലാണ് ബാംഗളൂരുവിൽ സമി ലാബ്സിന് തുടക്കമിട്ടത്. യുഎസ്, ജപ്പാൻ, ഓസ്ട്രേലിയ, ഗൾഫ്, ദക്ഷിണാഫ്രിക്ക, ബ്രസീൽ, കാനഡ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ വ്യാപാര സാന്നിധ്യം ഉണ്ട്.ഗ്രീൻ വേൾഡ് ലിമിറ്റഡ്, ഓർഗാനിക് ആരോമാറ്റിക്,എഡ്ക്കൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, എം ജി പി ഹെർബൽ തുടങ്ങിയവ അനുബന്ധ സ്ഥാപനങ്ങളാണ്.

2003ലാണ് ഗ്രൂപ്പിന്റെ ആഗോള ആസ്ഥാനം ബാംഗ്ലൂരിലെ പീനിയയിലേക്ക് മാറ്റിയത്.

മക്കൾ : സമി, അഞ്ജു, ഷഹീൻ .ഭാര്യ : സബീന

## മജീദിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു




തിരുവനന്തപുരം: വിശ്വ വ്യവസായ പ്രമുഖൻ ഡോ. മുഹമ്മദ് മജീദിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന രേഖപ്പെടുത്തി. കേരളത്തിൽ നിന്നും ആയുർവേദത്തെ ലോകത്തിത്തിന്റെ നെറുകയിൽ എത്തിച്ച എളിയ മനുഷ്യസ്നേഹിയാണ് മജീദ് എന്നും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ മഹത്തരമാണെന്നും പിണറായി പറഞ്ഞു. കേരളത്തിൽ വെള്ളപ്പൊക്കം ഉണ്ടായപ്പോൾ ധനസഹായം എത്തിച്ച പ്രവർത്തനം വേറിട്ടതായിരുന്നു.

## മജീദ് എന്റെ പ്രിയ സുഹൃത്ത് എം.എ യൂസഫലി



അബുദാബി: എന്റെ അടുത്ത സുഹൃത്താണ് കഴിഞ്ഞദിവസം അന്തരിച്ച ഡോ. മുഹമ്മദ് മജീദെന്ന് വ്യവസായ പ്രമുഖനും ലുലു ഗ്രൂപ്പ് ചെയർമാനുമായ പത്മശ്രീ എം.എ യൂസഫലി പറഞ്ഞു. അമേരിക്കൻ ഐക്യനാടുകളിൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിനായി മുഖ്യമന്ത്രി കരുണാകരനുമൊത്ത് പോയപ്പോൾ യൂറോപ്പ്യൻ രാജ്യങ്ങളിൽ മലയാളികളെ സംഘടിപ്പിച്ചത് മജീദ് ആയിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചന രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

## മറുനാടൻ മലയാളിയായ മജീദ് : എം എം ഹസ്സൻ



കോഴിക്കോട് : എവിടെ മറുനാടൻ മലയാളിയുണ്ടോ അവിടെ നമ്മുടെ സുഹൃത്തായ മജീദ് ഉണ്ട്. ഞാൻ പ്രവാസികളുടെ മന്ത്രിയായി ചാർജെടുത്തപ്പോൾ എന്നെ ഓഫീസിലെത്തി അഭിനന്ദിച്ചു. എന്നെ വിദേശ മലയാളികളുടെ മുന്നിലെത്തിച്ചത് മലയാളിയായ മറുനാടൻ മജീദ് ആയിരുന്നു എന്ന് ഈ സമയത്ത് ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചന രേഖപ്പെടുത്തുന്നു. ബന്ധുമിത്രാദികളെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. കെപിസിസി പ്രസിഡന്റ് എം എം ഹസ്സൻ അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു.

കഴിഞ്ഞ ദിവസം അന്തരിച്ച വ്യവസായ പ്രമുഖൻ ഡോ. മുഹമ്മദ് മജീദിനെ കുറിച്ച് അദ്ദേഹത്തിന്റെ സുഹൃത്ത് കലാപ്രേമി ബഷീർ ബാബു അനുസ്മരിക്കുന്നു.

# ആയുർവേദത്തിലൂടെ ആഗോളതലത്തിലെത്തിയ ഡോക്ടർ മജീദ്

**മുഹമ്മദ് ബഷീർ ബാബു**

385 ലേറെ യു.എസ്. പേറ്റന്റുകൾ സ്വന്തമായുള്ളൊരു കമ്പനി... ദേശീയരാജ്യാന്തര തലത്തിൽ നൂറിലേറെ പേറ്റന്റുകൾ, 1200 കോടിയുടെ വാർഷിക വിറ്റുവരവ് . ഇതെല്ലാം ലോകമറിയുന്ന സമി സബിൻസ ഗ്രൂപ്പിന്റെ നേട്ടങ്ങൾ അഭിമാനാർഹമായ ഈ മികവിനെല്ലാം ആധാരമായത് ഡോ. മുഹമ്മദ് മജീദെന്ന ധിഷണാശാലിയുടെ നിരന്തര പ്രയത്നങ്ങളാണ്.

പേറ്റന്റുകളുടെ രാജശിൽപ്പിയായാണ് അദ്ദേഹത്തെ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കാറ്. നിരന്തര പഠനങ്ങൾ, തളരാത്ത ഗവേഷണതത്പരത ഇവയെല്ലാമാണ് ന്യൂട്രാസ്യൂട്ടിക്കൽ, കോസ്മസ്യൂട്ടിക്കൽ മേഖലയിൽ അദ്ദേഹത്തെ അനിഷേധ്യ സാന്നിധ്യമാക്കിയത്. അമേരിക്ക, ജപ്പാൻ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലെ നിരവധിപ്പേർ അദ്ദേഹത്തിൻറെ അറിവിന്റെയും അനുഭവത്തിന്റെയും ഗുണഫലങ്ങളറിഞ്ഞു. ജീവിത ശൈലീ രോഗങ്ങളിൽ നിന്ന് അനേകർ മുക്തരായി. ലുക്ക് ഗുഡ്, ഫീൽ ഗുഡ് എന്ന അദ്ദേഹത്തിന്റെ സിദ്ധാന്തം ലോകം തന്നെ അംഗീകരിച്ചു.തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് ബി.ഫാം ബിരുദം കരസ്ഥമാക്കിയാണ് മുഹമ്മദ് മജീദ് ജീവിതവഴികളിൽ ചുവടുറപ്പിക്കുന്നത്. മരുന്നുകളെയും രാസകണികകളെയും പറ്റിയുള്ള പഠനത്തിൽ അദ്ദേഹം ആകൃഷ്ടനായി. ബിരുദപഠനശേഷം അദ്ദേഹം അമേരിക്കയിലേക്ക് പോയി. ഫാർമസിയിലെ ഉന്നതപഠനവും ഗവേഷണവും അദ്ദേഹത്തിന് വ്യത്യസ്ത ചിന്തകളിലേക്ക് വഴി തുറന്നു.

ആയുർവേദത്തിന്റെ അനന്തര സാധ്യത കളിലേക്ക് അദ്ദേഹമെത്തുന്നത് അങ്ങനെയാണ്. സൗന്ദര്യസംവർധകമായ മഞ്ഞളിൽ നിന്ന് അർബുദത്തിനുള്ള മരുന്ന് കണ്ടെത്തിയത് ആശ്വാസമായത് അനേകർക്കാണ്. മഞ്ഞളിന്റെ രോഗനാശനശേഷിയെപ്പറ്റി അദ്ദേഹം നിരന്തരം ഗവേഷണപഠനങ്ങൾ നടത്തി.

ഉന്നത വിദ്യാഭ്യാസത്തിന് ശേഷം മികവുറ്റ ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ അദ്ദേഹം പരിശീലനം നേടി. അമേരിക്കയിൽ ബിസിനസ് രംഗത്ത് തന്റേതായ ഇടം ഉറപ്പിച്ച ശേഷമായിരുന്നു നാട്ടിലേക്ക് അദ്ദേഹം മടങ്ങിയത്. താൻ ആർജ്ജിച്ച അറിവുകൾ ജന്മ നാടിന് കൂടി ഗുണകരമാകണമെന്ന ചിന്തയാണ് അദ്ദേഹത്തെ നയിച്ചത്.

1991ൽ ബംഗളൂരിലെ ജാലഹള്ളിക്കടുത്തെ പീനിയ ഇൻസ്ട്രിയൽ എസ്റ്റേറ്റിലെ സ്വന്തം സ്ഥലത്ത് ആഗോളനിലവാരമുള്ള ഒരു ഗവേഷണ കേന്ദ്രം അദ്ദേഹം തുറന്നു. ബംഗളൂരിന് സമീപം കുനിഗൽ, നെലമംഗല, ദബാസ് സ്പോട്ട് എന്നിവിടങ്ങളിൽ അദ്ദേഹം ഫാക്ടറികൾ തുറന്നു. ഗവേഷണമികവ് തെളിയിച്ചവരായിരുന്നു ഇവിടങ്ങളിലെല്ലാം പ്രവർത്തിച്ചിരുന്നത്.

ഏലം, ഇഞ്ചി, ചുക്ക്, ജീരകം, കുടംപുളി എന്നിവയിൽനിന്ന് അമൂല്യമായ അനവധി ഉത്പന്നങ്ങൾ പിന്നീട് പിറന്നു. ആയുർവേദത്തിന്റെ അമൂല്യത അദ്ദേഹത്തിലൂടെ ആഗോളതലത്തിൽ അറിഞ്ഞു. ഒട്ടനവധി അംഗീകാരങ്ങളും അദ്ദേഹം നേടിയെടുത്തു.

മഞ്ഞളിൽ നിന്ന് മഞ്ഞനിറം നീക്കി വെളുത്ത മഞ്ഞൾ സൃഷ്ടിക്കാനുള്ള ഗവേഷണത്തിലും അദ്ദേഹം വിജയം കണ്ടു. സൗന്ദര്യ വർധകവസ്തുക്കളിൽ സുപ്രധാനസ്ഥാനം വെളുത്ത മഞ്ഞളിന് ഉറപ്പിച്ചുകൊടുത്തത് അദ്ദേഹമാണ്. ആയുർവേദമരുന്നുകളിലെ ലോഹാംശം ഒഴിവാക്കാനുള്ള ഗവേഷണങ്ങളിലും അദ്ദേഹം വിജയം കണ്ടു. മരുന്നുകൾക്ക് പേറ്റന്റുകൾ നേടിയെടുക്കാനായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശ്രമം.


ഇന്ന് 380 ലേറെ പേറ്റന്റുകൾ സ്വന്തമായുള്ള കമ്പനിയാണ് സമി സബിൻസ. ന്യൂജേഴസിയിലെ സബിൻസ കോർപ്പറേഷൻ ആഗോള ഗവേഷണ രംഗത്തുതന്നെ ശ്രദ്ധിക്കപ്പെടുന്ന സ്ഥാപനമാണ്. സമി സബിൻസ സ്ഥാപനങ്ങൾക്ക് കരുത്ത് പകരുന്ന പഠനഗവേഷണങ്ങളാണ് ഇവിടെ നടക്കുന്നത്. അമേരിക്കയിൽത്തന്നെ മറ്റൊരു ഗവേഷണ സ്ഥാപനവും ഡോ. മജീദ് സ്ഥാപിച്ചിട്ടുണ്ട്. കഠിനമായ വ്യവസ്ഥകളുള്ള അമേരിക്കയിൽ സ്വന്തം ഉത്പന്നങ്ങൾക്ക് അനിഷേധ്യസ്ഥാനം ഉറപ്പിക്കാൻ കഠിന പ്രയത്നങ്ങളാണ് അദ്ദേഹം നടത്തിയത്.

വിശ്വാസ്യതയുടെ തിളക്കമുള്ളതിനാൽ അമേരിക്കൻ ജനതയ്ക്ക് സമി സബിൻസ ഉത്പന്നങ്ങൾ ഏറെ പ്രിയങ്കരവുമാണ്. മിതൈൽ സെലിനോ സിസ്റ്റിൻ, സിട്രിൻ, കുർക്കുമിൻ സിദ കോംപ്ലക്സ്, സെലിനിയം സെലക്ട്, സെലിനോ മെതിനിയോനിൻ തുടങ്ങി അനവധി ഉത്പന്നങ്ങളാണ് അമേരിക്കൻ വിപണി കീഴടക്കിയത്. ജർമനി, ജപ്പാൻ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്കെല്ലാം ഗുണമേൻമയും ഫലസിദ്ധിയും കൈമുതലാക്കി ഈ ഉത്പന്നങ്ങൾ ഏറെ പ്രചാരം നേടി.

വിദേശജനത ജീവിത ശൈലീരോഗങ്ങളിൽ നിന്ന് മോചനം നേടാൻ സമി സബിൻസ ഉത്പന്നങ്ങൾ തേടുകയാണിപ്പോൾ. ബൗദ്ധികാവകാശം തന്നെയായിരുന്നു എക്കാലത്തും ഡോ. മജീദ് ബലം നൽകിയത്. ആരും പോകാത്ത വഴികളിലൂടെയുള്ള കഠിനസഞ്ചാരം തന്നെ അദ്ദേഹത്തെ കരുത്തനാക്കി. സെലിനിയത്തിൽ നടത്തിയ ഗവേഷണങ്ങൾ തന്നെ ഇതിന് ദൃഷ്ടാന്തമായി. ഭാരതസർക്കാരിന്റെ ബഹുമതിയും ഇതിന് അദ്ദേഹത്തിന് ലഭിച്ചു. സിട്രിൻ എന്ന ഉത്പന്നത്തിന് അമേരിക്കയിൽനിന്ന് തോമസ് ആൽവ എഡിസൻ പേറ്റന്റ് അവാർഡും നേടി.

ആഗോളവിപണിയിലെ അംഗീകാരങ്ങളനവധി നേടിയതോടെ സമി സബിൻസ ഗ്രൂപ്പ്കൂടുതൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയാണ്. കർണാടകയിലെ ഹാസനിലെ പുതിയ ഫാക്ടറി, ഗ്രൂപ്പിന്റെ വലിയ ഉത്പാദനകേന്ദ്രങ്ങളിലൊന്നാണ്. ഇവിടെത്തന്നെമറ്റൊരു ഫാക്ടറി കൂടി വരുന്നുണ്ട്. ജീനോം വാലിയിലും ഗ്രൂപ്പിന്റെ ഒരു ഫാക്ടറിയുണ്ട്. ലോകത്തിൻറെ വിവിധ ഭാഗങ്ങളിലായി ഏഴ് അത്യന്താധുനിക ഫാക്ടറികളാണ് സമി സബിൻസയ്ക്കുള്ളത്.


മുൻ രാഷ്ട്രപതി ഡോ.എ പി ജെ അബ്ദുൽ കലാമിനോടൊപ്പം ഡോ.മജീദ്


ഡോ.മജീദ് മകൻ ഷഹീൻ മജീദിനോടൊപ്പം


ഡോ. മജീദ് കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി അമിത്ഷായിൽ നിന്നും അവാർഡ് സ്വീകരിച്ചപ്പോൾ


കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി രാജ്നാഥ് സിംഗിനോടൊപ്പം ഡോ.മുഹമ്മദ് മജീദ്



ഫോർത്ത് ജനറേഷന്റെ ഉപഹാരം ഡോ.മജീദ് സ്വീകരിക്കുന്നു.



ടി കെ എം കോളേജ് അവാർഡ് ഡോ.മജീദിന് ചെയർമാൻ ടി.കെ ഷഹൽ ഹസ്സൻ മുസ്‌ലിയാർ നൽകിയപ്പോൾ


ഡോ.മജീദ് മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും അവാർഡ് സ്വീകരിച്ചപ്പോൾ


ഡോ.മജീദ് മകൾ അഞ്ജു മജീദിനോടൊപ്പം


കലാപ്രേമിയുടെ ബിൽഡിങ്ങിന്റെ ലോഗോ പ്രകാശനം ഡോ.മജീദ് നിർവഹിച്ചപ്പോൾ


കേന്ദ്ര മന്ത്രി അശ്വിനി കുമാർ ചൗബേയിൽ നിന്നും അവാർഡ് സ്വീകരിക്കുന്ന ഡോ.മജീദ്


കലാപ്രേമിയുടെ ഉപഹാരം അഞ്ജു മജീദിന് നൽകിയപ്പോൾ


മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഡോ.മജീദിന് അവാർഡ് നൽകിയപ്പോൾ

KALAPREMI DAILY

14 / 3 / 24

# ഡോ. മുഹമ്മദ് മജീദിന്റെ നിര്യാണത്തിൽ അനുശേചനം

തിരു : അമേരിക്കൻ ഐക്യനാടുകളിൽ കുടിയേറി കേരളത്തിന്റെ പ്രകൃതി സമ്പത്തായ മഞ്ഞളിൽ നിന്നും ക്യാൻസറിന് മരുന്ന് കണ്ടുപിടിച്ച വിശ്വ പ്രസിദ്ധ ആയുർവേദ ശാത്രജ്ഞനും ബാംഗ്ലൂർ സമി സാബിൻസ ഗ്രൂപ്പിന്റെ സ്ഥാപകനും, ചെയർമാനുമായ മലയാളി ഡോക്ടർ എം. മുഹമ്മദ് മജീദിന്റെ നിര്യാണത്തിൽ തലസ്ഥാനത്ത് ഇൻഡോ–അറബ് ഫ്രണ്ട്ഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ചേർന്ന യോഗം അനുശേചനം രേഖപ്പെടുത്തുകയും ആദരാജ്ഞലികളർപ്പിക്കുകയും ചെയ്തിരിക്കുന്നു.

തിരുവനന്തപുരം കെ.പി. ഭവനിൽ സെന്റർ പ്രസിഡന്റ് അഡ്വ. ആർ.ആർ. നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന അനുശോചന പൊതുയോഗം കൃപ ചാരിറ്റീസ് ചെയർമാൻ ഇമാം–അൽ ഹാജ് എ.എം. ബദറുദ്ദീൻ മൗലവി അവർകളുടെ പ്രാർത്ഥനയോടെയാണ് സമാരംഭിച്ചത്.

കേരള മുസ്ലിം ജമാഅത്ത് കൗൺസ്സിൽ ദേശീയ നിർവ്വഹ സമതി അംഗം കൂടിയായിരുന്ന ഡോ. മുഹമ്മദ് മജീദിന്റെ പരലോക മോക്ഷത്തിനുവേണ്ടിയുള്ള ദുഃആ ചേർത്തുള്ള അനുശോചന പ്രമേയം കൗൺസ്സിൽ പ്രസിഡന്റ് കരമന ബയാർ അവതരിപ്പിച്ചു.

എൻ.ആർ.ഐ. ദേശീയ കൗൺസ്സിൽ പ്രസിഡന്റ് പ്രവാസി ബന്ധു ഡോ.എസ്. അഹമ്മദ്, സെന്റ്ർ സെക്രട്ടറി അഡ്വ . ഷംബ്നാ റഹീം,



അസ്സീസിയ കാരുണ്യ ട്രസ്റ്റ് ചെയർമാൻ ഡോ. ഫ്രാൻസിസ് ആൾബർട്ട് അസ്സീസി, കേരള പ്രവാസി സംഘം വൈസ് പ്രസിഡന്റ് മുഹമ്മദ് ബഷീർ ബാബു, പ്രവാസി സാഹിത്യ സംഘം കൺവീനർ ഡോ.സുലൈഖാ കുറുപ്പ്, പ്രേം നസീർ സുഹൃത്ത് സമതി പ്രസിഡന്റ് പനച്ചമൂട് ഷാജഹാൻ, റാഫി മെമ്മോറിയൽ ക്ലബ് സെക്രട്ടറി പ്രദീപ് മധു, അശ്വധ്വനി കമാലുദ്ദീൻ, ആർ. പ്രോമ ചന്ദ്രൻ നായർ, തെക്കൻ സ്റ്റാർ ബാദുഷ, ഡോ. വിജയൻ തോമസ്, തൈക്കട് കൃഷ്ണൻ കുട്ടി, ബിമാപള്ളി ജഗാംഹീർ തുടങ്ങിയവർ പ്രസംഗിച്ചു.

ആസിഫ് മുഹമ്മദ് സ്വാഗതമാശംസിച്ചു. ആതിര നന്ദി പറഞ്ഞു

FGA PHOTOCLUB
The Fourth Generations Associates
Thiruvananthapuram, Kerala
09567627006 fgaphotoclub@gmail.com

ESTD: 1961
FOUNDER: A.S. HAMEED SAHIB (LATE)
ADVISOR: KALAPREMI BASHEER BABU
CHAIRMAN: M. MUHAMMED MAHEEN
R.N. NO. 13449/61


KALAPREMI

MALAYALAM DAILY
(PUBLISHED FROM THE CAPITAL CITY OF KERALA)
THIRUVANANTHAPURAM - 695 573, INDIA

RIZWANA
AGENCIES
WHOLESALE & RETAIL, DISPOSABLE ITEMS & PACKING MATERIALS
TC. 71/4238, GENTLE NAGAR, KOTHUVAL STREET, CHALAI
THIRUVANANTHAPURAM - 695036
9995410065 9539901071



# TRIBUTE



## Dr. Muhammed Majeed

Founder & Group Chairman, Sami - Sabinsa Group Limited
25/09/1948 - 13/03/2024

Sami-Sabinsa Group Limited & the family members extend deepest condolences on a huge loss of our beloved mentor and visionary leader.

Dr. Majeed will always be remembered for his dedication to the Nutraceutical Sector and innumerable contributions towards research, industry, exports and the society.

We pay respectable homage to the departed soul and pray for his soul to rest in peace in the heavenly abode

SAMI - SABINSA GROUP

**In Grief:**
**Dr. Majeed Family Members**
**Board of Directors &**
**Employees of Sami-Sabinsa Group Limited**

Edited, Printed and Published by Subeeha at Press Centre, P. O. Vilappilsala, Tvpm - 695573. MOB: 9207422791, 9847748049, 9495349287

# ആദരാഞ്ജലികൾ

13 / 4 / 24



# ഡോ. മുഹമ്മദ് മജീദ്

**മറുനാടൻ മലയാളിയും വ്യവസായ പ്രമുഖനുമായ സമി ലാബ്സിന്റെ ചെയർമാൻ ഡോ. മുഹമ്മദ് മജീദ് അല്പം മുമ്പ് മരണപ്പെട്ടു. ചെന്നൈ അപ്പോള ഹോസ്പിറ്റലിൽ ആയിരുന്നു മരണം. പൊതു ദർശനം നാളെ രാവിലെ ബാംഗ്ലൂർ സമി ലാബ്സിൽ.**

മലയാള മനോരമ
ESTABLISHED 1888

14 / 3 / 2024

# ഡോ.മുഹമ്മദ് മജീദ്: പേറ്റന്റുകളുടെ രാജാവ്

**മനോരമ ലേഖകൻ**



ഡോ.മുഹമ്മദ് മജീദ് സമി സബിൻസ ഗ്രൂപ്പിന്റെ ഫാക്ടറിയിൽ (ഫയൽചിത്രം)

**കൊച്ചി ●** കൊല്ലം സ്വദേശിയായ മുഹമ്മദ് മജീദ് ലോകോത്തര വ്യവസായിയായി വളർന്നത് ആത്മധൈര്യം കൈമുതലാക്കിയാണ്. സമി സാബിൻസ ഗ്രൂപ്പ് (മുൻപ് സമി ലാബ്സ് ഗ്രൂപ്പ്) എന്ന ഇന്ത്യൻ ബഹുരാഷ്ട്ര കമ്പനിയുടെ സ്ഥാപകനായി ആയിരക്കണക്കിനു കോടി രൂപയുടെ ആസ്തിയിലേക്കു വളർന്നു. ഇന്നലെ ഈ ലോകത്തോടു വിടപറയുംവരെ കഠിനാധ്വാനത്തിന്റെയും മനോധൈര്യത്തിന്റെയും ആൾരൂപമായി.

1975ൽ യുഎസിലേക്കു പോയപ്പോൾ കയ്യിലുണ്ടായിരുന്നതു വെറും എട്ടു ഡോളർ. ഔഷധ നിർമാണ കമ്പനിയിലെ ജോലിക്കൊപ്പം പഠിച്ചാണ് ഉന്നത ബിരുദങ്ങൾ നേടിയത്. ഗവേഷകനെന്ന നിലയിൽ വൻ പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു സ്വന്തം ബിസിനസ് എന്ന ചങ്കൂറ്റം മജീദ് കാട്ടിയത്. 1991ൽ സാമി കെമിക്കൽസ് ആൻഡ് എക്സ്ട്രാക്ട്സ് ലിമിറ്റഡ് ആരംഭിച്ചത് വെറും നാലു പേരുമായാണ്. അവിടെ നിന്നാണ് സഹസ്രകോടികളുടെ ആസ്തിയിലേക്കും ആയിരക്കണക്കിനു ജീവനക്കാരുടെ തൊഴിലുടമയെന്ന നിലയിലേക്കും വളർന്നത്. വിദേശികളുടെ മനസ്സറിഞ്ഞ് ഇന്ത്യൻ കാർഷികോൽപന്നങ്ങളുടെ സത്തിൽ നിന്ന് ഗുണനിലവാരമേറിയ ഉൽപന്നങ്ങൾ ഉണ്ടാക്കുകയാണു ഡോ. മജീദ് ചെയ്തത്. സമി സബിൻസ ഗ്രൂപ്പിന്റെ നൂറുകണക്കിനു രാജ്യാന്തര പേറ്റന്റുകളിൽ ഏറെയും യുഎസ്സിൽ നിന്നായിരുന്നു. ഒട്ടേറെ ജീവകാരുണ്യപ്രവർത്തനങ്ങളും ഡോ. മജീദ് നടത്തിയിരുന്നു. 2018ലെയും 19ലെയും പ്രളയദുരിതാശ്വാസത്തിനു കേരളത്തിന്റെയും കർണാടകയുടെയും ദുരിതാശ്വാസ നിധിയിലേക്കു വൻതുക നൽകി.

മലയാള മനോരമ
ESTABLISHED 1888

14 / 3 / 2024

# സമി-സബിൻസ ഗ്രൂപ്പ് സ്ഥാപകൻ ഡോ. മുഹമ്മദ് മജീദ് അന്തരിച്ചു

**മനോരമ ലേഖകർ**

ബെംഗളൂരു/ കൊച്ചി● ആയുർവേദത്തെ ആധുനിക ശാസ്ത്രവുമായി കൂട്ടിയിണക്കിയ ബഹുരാഷ്ട്ര ഫാർമ കമ്പനി സമി-സബിൻസ ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ ഡോ.മുഹമ്മദ് മജീദ് (75) ചെന്നൈയിൽ അന്തരിച്ചു. കബറടക്കം പിന്നീട്.

400ൽ അധികം രാജ്യാന്തര പേറ്റന്റുകളുള്ള കമ്പനിയുടെ വാർഷിക വിറ്റുവരവ് 1200 കോടിയിലേറെ രൂപയാണ്. മഞ്ഞളിന്റെ മഞ്ഞനിറം കളഞ്ഞ് 'കുർക്കുമിൻ സി ത്രീ കോംപ്ലക്സ്', കുരുമുളകിൽ നിന്നു വേർതിരിച്ചെടുത്ത ബയോപെരിൻ, ബ്രഹ്മിയിൽ നിന്നുള്ള ബാകോപിൻ, വെളുത്തുള്ളിയിൽ നിന്നുള്ള സെലിനിയം തുടങ്ങി അനേകം ഉൽപന്നങ്ങളിലൂടെ ലോക വിപണികൾ കീഴടക്കിയ ഡോ.മുഹമ്മദ് മജീദിന്റെ കണ്ടുപിടിത്തങ്ങൾ സാധാരണ കർഷകർക്കും നേട്ടമായി. യുഎസ് കോൺഗ്രസിന്റെ 'എല്ലിസ് ഐലൻഡ് മെഡൽ ഓഫ് ഓണർ' പുരസ്കാരം നേടിയിട്ടുണ്ട്. കയറ്റുമതി മികവിനുള്ള കേന്ദ്ര സർക്കാരിന്റെ ബഹുമതികളും നേടി. 17 ശാസ്ത്ര പുസ്തകങ്ങൾ രചിച്ചു.



ഡോ.മുഹമ്മദ് മജീദ്

കൊല്ലം വലിയകടക്കാരൻ കുടുംബാംഗമായ മുഹമ്മദ് മജീദ് തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് ബിഫാമിനു ശേഷം ഇൻഡസ്ട്രിയൽ ഫാർമസിയിൽ എംഎസും തുടർന്ന് ന്യൂയോർക്കിലെ സെന്റ് ജോൺസ് സർവകലാശാലയിൽ നിന്ന് പിഎച്ച്ഡിയും നേടി. കാർട്ടർ വാലസ്, പാക്കോ ഫാർമസ്യൂട്ടിക്കൽസ്, ഫൈസർ എന്നിവിടങ്ങളിൽ ജോലി ചെയ്ത ശേഷം 1988 ൽ സബിൻസ കോർപറേഷൻ എന്ന പേരിൽ ന്യൂജഴ്സിയിൽ കമ്പനി ആരംഭിച്ചു. 1991 ലാണ് ബെംഗളൂരുവിൽ സമി ലാബ്സിന് തുടക്കമിട്ടത്. യുഎസ്, ജപ്പാൻ, ഓസ്ട്രേലിയ, ഗൾഫ്, ദക്ഷിണാഫ്രിക്ക, ബ്രസീൽ, കാനഡ, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ വ്യാപാര സാന്നിധ്യമുണ്ട്. ക്ലിൻവേൾഡ് ലിമിറ്റഡ്, ഓർഗാനിക് അരോമാറ്റിക്സ്, എഡ്ക്കൽ കംപ്യൂട്ടർ സോഫ്റ്റ്‌വെയർ, എംജിപി ഹെർബൽ തുടങ്ങിയവ അനുബന്ധ സ്ഥാപനങ്ങളാണ്. 2003 ലാണ് ഗ്രൂപ്പിന്റെ ആഗോള ആസ്ഥാനം ബെംഗളൂരു ഹീനിയയിലേക്ക് മാറ്റിയത്.

മക്കൾ: സമി, അഞ്ജു, ഷഹീൻ.

◉ ബിസിനസ് മനോരമ
പേറ്റന്റുകളുടെ രാജാവ്

Mathrubhumi
മാതൃഭൂമി

# സമി-സബിൻസാ ഗ്രൂപ്പ് സ്ഥാപകൻ ഡോ. മുഹമ്മദ് മജീദ് അന്തരിച്ചു



**ബെംഗളൂരു ▸** സമി-സബിൻസാ ഗ്രൂപ്പ് ലിമിറ്റഡ് സ്ഥാപകനും ചെയർമാനുമായ ഡോ. മുഹമ്മദ് മജീദ് (75) അന്തരിച്ചു. ബുധനാഴ്ച ഉച്ചകഴിഞ്ഞ് ചെന്നൈയിലായിരുന്നു അന്ത്യം. കൊല്ലം സ്വദേശിയാണ്. ആയുർവേദത്തെക്കുറിച്ചുള്ള പുരാതന അറിവിനെ ആധുനിക വൈദ്യശാസ്ത്രവുമായി സംയോജിപ്പിച്ച് ശ്രദ്ധനേടിയ ഡോ. മജീദ്, നൂറിലധികം അന്താരാഷ്ട്ര അംഗീകാരങ്ങളും ഒട്ടേറെ പേറ്റന്റുകളും നേടിയിട്ടുണ്ട്.

ഇന്ത്യൻ ഔഷധസസ്യങ്ങളുടെ മഹത്ത്വം ആഗോളവിപണികളിൽ അവതരിപ്പിച്ച ഡോ. മജീദ്, ഇന്ത്യൻ ന്യൂട്രാസ്യൂട്ടിക്കൽ വ്യവസായത്തിന്റെ പിതാവ് എന്നാണറിയപ്പെടുന്നത്. ന്യൂട്രാസ്യൂട്ടിക്കൽസ്, കോസ്മെസ്യൂട്ടിക്കൽസ് വ്യവസായങ്ങളിലെ പ്രമുഖവ്യക്തികളിലൊരാളാണ്.

1948 സെപ്റ്റംബർ 25-നാണ് ജനനം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് ഫാർമസിയിൽ ബിരുദം നേടിയശേഷം 1975-ൽ യു.എസിലെത്തി. ഇൻഡസ്ട്രിയൽ ഫാർമസിയിൽ ന്യൂയോർക്കിലെ ലോങ് ഐലൻഡ് സർവകലാശാലയിൽനിന്ന് എം.എസും സെയ്ന്റ് ജോൺസ് സർവകലാശാലയിൽനിന്ന് പിഎച്ച്.ഡി.യും നേടി. 1988-ലാണ് ന്യൂജഴ്സി ആസ്ഥാനമായി സബിൻസ കോർപ്പറേഷൻ സ്ഥാപിച്ചത്. 1991-ൽ ബെംഗളൂരുവിൽ സമി ലാബ്സ് ലിമിറ്റഡ് എന്ന പേരിൽ ഗവേഷണസ്ഥാപനമാരംഭിച്ചു. രാഷ്ട്രപതിയിൽനിന്ന് ഗുണനിലവാരമുള്ള ഉത്പന്നങ്ങൾക്കുള്ള ദേശീയ അവാർഡ് നേടിയിട്ടുണ്ട്.

നാഷണൽ ഫെഡറേഷൻ ഓഫ് ഏഷ്യൻ അമേരിക്കൻസിന്റെ 1996-ലെ മികച്ച സംരംഭകനുള്ള അവാർഡും യു.എസ്. കോൺഗ്രസിന്റെ എലിസ് ഐലൻഡ് മെഡൽ ഓഫ് ഓണർ പുരസ്കാരവും നേടിയിട്ടുണ്ട്. മക്കൾ: സമി, ഷഹീൻ മജീദ്, അഞ്ജു മജീദ്.

14/03/2024 THAMARASSERY Pg 04

Mathrubhumi
മാതൃഭൂമി

26 / 4 / 24

## ഡോളറിൽ തുടങ്ങിയ യാത്രയ്ക്ക് നിശ്ചയദാർഢ്യം കൈമുതൽ

**കൊല്ലം ▸** യു.എസിലെ ഷിക്കാഗോയിൽ 1970-കളിൽ എത്തുമ്പോൾ കൊല്ലം സ്വദേശി മുഹമ്മദ് മജീദിന്റെ പക്കൽ എട്ട് ഡോളറും നിശ്ചയദാർഢ്യവും മാത്രമാണുണ്ടായത്. അത് കൈമുതലാക്കി ലോകത്തുതന്നെ എണ്ണം പറഞ്ഞ സംരംഭകനായി വളരാൻ അദ്ദേഹത്തിന് അധിക സമയമൊന്നും വേണ്ടിവന്നില്ല. നാട്ടുകാരിൽ വലിയ പങ്കിനും അപരിചിതനാണെങ്കിലും കഴിഞ്ഞദിവസം അന്തരിച്ച ഡോ. മുഹമ്മദ് മജീദ് തന്റെ കർമമണ്ഡലത്തിൽ എത്തിപ്പിടിക്കാനാകാത്ത ഉയരങ്ങൾ കീഴടക്കിയയാളാണ്.

പോളയത്തോട് പുഷ്പവിലാസം ബംഗ്ലാവിൽ മുഹമ്മദ് കുഞ്ഞിന്റെയും ഫാത്തിമ കുഞ്ഞിന്റെയും മകനായിരുന്ന മുഹമ്മദ് മജീദിന് ചെറുപ്പത്തിൽതന്നെ ഭാവി രൂപപ്പെടുത്തുന്ന കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഫാത്തിമ മാതാ നാഷണൽ കോളേജിൽനിന്നു പ്രീഡിഗ്രിയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് ബി.ഫാം ബിരുദവും നേടി ഷിക്കാഗോയിലെത്തി. ഒരു ഫാർമസ്യൂട്ടിക്കൽ കമ്പനിയുടെ മെയിന്റനൻസ് വിഭാഗത്തിൽ ജോലിക്ക് കയറിയതിനൊപ്പം പഠനവും തുടർന്നു. ഇൻഡസ്ട്രിയൽ ഫാർമസിയിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടി.



▶ കേരളത്തിന്റെ പ്രളയദുരിതാശ്വാസ നിധിയിലേക്ക് മുഖ്യമന്ത്രി പിണറായി വിജയന് ഡോ: മുഹമ്മദ് മജീദ് മൂന്നുകോടിയുടെ ചെക്ക് കൈമാറുന്നു(ഫയൽ ചിത്രം)

ജീവകാരുണ്യ പ്രവർത്തനരംഗത്തും കോടികൾ ചെലവഴിച്ചിട്ടുണ്ട് ഡോ. മുഹമ്മദ് മജീദ്. 2019-ലെ പ്രളയകാലത്ത് ഡോ. മജീദ് ഫൗണ്ടേഷൻ കേരളത്തിന്റെ പ്രളയ ദുരിതാശ്വാസനിധിയിലേക്ക് മൂന്നുകോടി രൂപ നൽകിയിരുന്നു. കർണാടകത്തിലേക്ക് രണ്ടു കോടി രൂപയും പ്രളയ ദുരിതാശ്വാസമായി നൽകി. ഷെരീഫ, ആരിഫ, നബീസ, പരേതരായ ഇബ്രാഹിംകുട്ടി, ആബിദ എന്നിവരാണ് സഹോദരങ്ങൾ.

KOCHI METRO RAIL LIMITED
(A joint venture company of Govt. of India & Govt. of Kerala)
4th Floor, JLN Stadium Metro Station, Kaloor, Ernakulam-682017
Ph: 0484-2846700
KOCHI METRO RAIL LIMITED

NEWS
# KERALA

manorama ONLINE
SATURDAY, MAR 16, 2024 | TODAY'S E-PAPER

## സമി-സബിൻസ ഗ്രൂപ്പ് സ്ഥാപകൻ ഡോ. മുഹമ്മദ് മജീദ് അന്തരിച്ചു

മനോരമ ലേഖകൻ
Published: March 14 , 2024 03:56 PM IST
Updated: March 14, 2024 03:56 PM IST
1 minute Read



ഡോ. മുഹമ്മദ് മജീദ്

ബെംഗളൂരു/ കൊച്ചി ● ആയുർവേദത്തെ ആധുനിക ശാസ്ത്രവുമായി കൂട്ടിയിണക്കിയ ബഹുരാഷ്ട്ര ഫാർമ കമ്പനി സമി-സബിൻസ ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ ഡോ. മുഹമ്മദ് മജീദ് (75) ചെന്നൈയിൽ അന്തരിച്ചു. കബറടക്കം പിന്നീട്.

400ൽ അധികം രാജ്യാന്തര പേറ്റന്റുകളുള്ള കമ്പനിയുടെ വാർഷിക വിറ്റുവരവ് 1200 കോടിയിലേറെ രൂപയാണ്. മഞ്ഞളിന്റെ മഞ്ഞനിറം കളഞ്ഞ് 'കുർക്കുമിൻ സി ത്രീ കോംപ്ലക്സ്', കുരുമുളകിൽ നിന്നു വേർതിരിച്ചെടുത്ത ബയോപെരിൻ, ബ്രഹ്മിയിൽ നിന്നുള്ള ബാകോപിൻ, വെളുത്തുള്ളിയിൽ നിന്നുള്ള സെലിനിയം തുടങ്ങി അനേകം ഉൽപന്നങ്ങളിലൂടെ ലോക വിപണികൾ കീഴടക്കിയ ഡോ. മുഹമ്മദ് മജീദിന്റെ കണ്ടുപിടിത്തങ്ങൾ സാധാരണ കർഷകർക്കും നേട്ടമായി.

യുഎസ് കോൺഗ്രസിന്റെ 'എല്ലിസ് ഐലൻഡ് മെഡൽ ഓഫ് ഓണർ' പുരസ്കാരം നേടിയിട്ടുണ്ട്. കയറ്റുമതി മികവിനുള്ള കേന്ദ്ര സർക്കാരിന്റെ ബഹുമതികളും നേടി. 17 ശാസ്ത്ര പുസ്തകങ്ങൾ രചിച്ചു.

കൊല്ലം വലിയകടക്കാരൻ കുടുംബാംഗമായ മുഹമ്മദ് മജീദ് തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് ബിഫാമിനു ശേഷം ഇൻഡസ്ട്രിയൽ ഫാർമസിയിൽ എംഎസും ന്യൂയോർക്കിലെ സെന്റ് ജോൺസ് സർവകലാശാലയിൽ നിന്ന് പിഎച്ച്ഡിയും നേടി. കാർട്ടർ വാലസ്, പാക്കോ ഫാർമസ്യൂട്ടിക്കൽസ്, ഫൈസർ എന്നിവിടങ്ങളിൽ ജോലി ചെയ്ത ശേഷം 1988ൽ സബിൻസ കോർപറേഷൻ എന്ന പേരിൽ ന്യൂജഴ്സിയിൽ കമ്പനി ആരംഭിച്ചു. 1991ലാണ് ബെംഗളൂരുവിൽ സമി ലാബ്സിന് തുടക്കമിട്ടത്.  യുഎസ്, ജപ്പാൻ, ഓസ്ട്രേലിയ, ഗൾഫ്, ദക്ഷിണാഫ്രിക്ക, ബ്രസീൽ, കാനഡ, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ വ്യാപാര സാന്നിധ്യമുണ്ട്.

ക്ലിൻവേൾഡ് ലിമിറ്റഡ്, ഓർഗാനിക് അരോമാറ്റിക്സ്, എഡ്ക്കൽ കംപ്യൂട്ടർ സോഫ്റ്റ്‌വെയർ, എംജിപി ഹെർബൽ തുടങ്ങിയവ അനുബന്ധ സ്ഥാപനങ്ങളാണ്. 2003ലാണ് ഗ്രൂപ്പിന്റെ ആഗോള ആസ്ഥാനം ബെംഗളൂരു പീനിയയിലേക്ക് മാറ്റിയത്.

മക്കൾ: സമി, അഞ്ജു, ഷഹീൻ.

കേരളകൗമുദി

SINCE 1911

FOUNDER EDITOR K. SUKUMARAN B.A.


14 / 3 / 24

# ഡോ. മുഹമ്മദ് മജീദ് അന്തരിച്ചു



ചെന്നൈ: പ്രശസ്ത ശാസ്ത്രജ്ഞനും സമി- സബിൻസ ഗ്രൂപ്പ് ലിമിറ്റഡ് സ്ഥാപകനും ചെയർമാനമായ കൊല്ലം പോളയത്തോട് പുഷ്പവിലാസം ബംഗ്ലാവിൽ ഡോ. മുഹമ്മദ് മജീദ്(75) ചെന്നൈയിൽ അന്തരിച്ചു. അന്തർദേശീയ തലത്തിൽ ന്യൂട്രാസ്യൂട്ടിക്കൽ, കോസ്മെസ്യൂട്ടിക്കൽ വ്യവസായ രംഗത്ത് ശ്രദ്ധേയനായ ഡോ. മുഹമ്മദ് മജീദ് ഇന്ത്യൻ ഔഷധസസ്യങ്ങളുടെ മഹത്വം ആഗോള വിപണികളിൽ അവതരിപ്പിച്ച് 'ഇന്ത്യൻ ന്യൂട്രാസ്യൂട്ടിക്കൽ വ്യവസായത്തിന്റെ പിതാവ്' എന്ന ബഹുമതി നേടി. കൊല്ലം ഫാത്തിമ കോളേജിലെ പഠനത്തിന് ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് ബിഫാം പാസായ അദ്ദേഹം കുറച്ചുകാലം അവിടെ ട്യൂട്ടറായി ജോലി ചെയ്തു.

1975ൽ അമേരിക്കയിൽ ഒരു ഫാർമസി കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. ഇതിനിടെ ഫാർമസിയിൽ എം.എസും ഇൻഡസ്ട്രിയൽ ഫാർമസിൽ പി.എച്ച്.ഡിയുമെടുത്തു. കുടംപുളി എക്സ്ട്രാറ്റിനെ ലോകത്തിന്റെ വിവിധഭാഗങ്ങളിലെത്തിച്ചാണ് ഡോ. മുഹമ്മദ് മജീദിന്റെ വിജയഗാഥയുടെ തുടക്കം. ഇഞ്ചി, മഞ്ഞൾ, കുരുമുളക് എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ അദ്ദേഹത്തിന്റെ ബിസിനസ് സാമ്രാജ്യം കൂടുതൽ വികസിപ്പിച്ചു. വിവിധ രാജ്യങ്ങളിലായി 170 പേറ്റന്റുകൾ അദ്ദേഹത്തിന്റെ പേരിലുണ്ട്. വർഷങ്ങളായി ബംഗളൂരു ആർ.എം.വി എക്സ്റ്റൻഷനിലാണ് താമസം. ഇന്നലെ ഉച്ചയ്ക്ക് ചെന്നൈ അപ്പോളോ ആശുപത്രിയിലായിരുന്നു അന്ത്യം. സംസ്കാരം പിന്നീട്. സമി, അഞ്ജു, ഷഹീൻ എന്നിവർ മക്കളാണ്.

സുപ്രഭാതം

15 /3 / 24

ല്ലാ പ്രസിഡണ്ട് സി.എസ് സുകു കെ.കെ മോഹനൻ സംസാരിച്ചു.

# ഡോ. മുഹമ്മദ് മജീദിന്റെ നിര്യാണത്തിൽ അനുശോചിച്ചു

**പാലക്കാട്** ▶ മഞ്ഞളിൽ നിന്ന് കാൻസറിന് മരുന്ന് കണ്ടുപിടിച്ച ആയുർവേദ ശാത്രജ്ഞനും ബംഗളൂരു സമി സാബിൻസ ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനുമായ ഡോ. എം. മുഹമ്മദ് മജിറിന്റെ നിര്യാണത്തിൽ ഇൻഡോ അറബ് ഫ്രണ്ട്ഷിപ്പ് സെന്റർ അനുശേചിച്ചു. മലയാളി സമൂഹത്തിന് മാതൃകയും സംരംഭകർക്ക് ഊർജ്ജവും പകർന്ന ഡോ. മൂഹമ്മദ് മജീദിന്റെ വിയോഗം ഇന്ത്യക്കുതന്നെ വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നതെന്ന് യോഗം വിലയിരുത്തി. അഡ്വ.ആർ.ആർ നായർ അധ്യക്ഷനായി.

യോഗം കൃപ ചാരിറ്റീസ് ചെയർമാൻ ഇമാം അൽഹാജ് എ.എം ബദറുദ്ദീൻ മൗലവിയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. കേരള മുസ് ലിം ജമാഅത്ത് കൗൺസിൽ ദേശീയ നിർവാഹക സമതിഅംഗം കൂടിയായിരുന്ന ഡോ.മുഹമ്മദ് മജീദിന്റെ പരലോക മോക്ഷത്തിനുവേണ്ടിയുള്ള ദുഃആ ചേർത്തുള്ള അനുശോചന പ്രമേയം കൗൺസിൽ പ്രസിഡന്റ് കരമന ബയാർ അവതരിപ്പിച്ചു.

എൻ.ആർ.ഐ ദേശീയ കൗൺസിൽ പ്രസിഡന്റ് പ്രവാസി ബന്ധു ഡോ.എസ്. അഹമ്മദ്, സെന്റർ സെക്രട്ടറി അഡ്വ. ഷംബ്നാറഹിം, അസീസിയ കാരുണ്യ ട്രസ്റ്റ് ചെയർമാൻ ഡോ. ഫ്രാൻസിസ് ആൾബർട്ട് അസ്റ്റിസിയ, കേരള പ്രവാസി സംഘം വൈസ് പ്രസിഡന്റ് മുഹമ്മദ് ബഷീർ ബാബു, പ്രവാസി സാഹിത്യ സംഘം കൺവീനർ ഡോ.സുലൈഖാ കുറുപ്പ്, പ്രേംനസീർ സുഹൃത്ത് സമിതി പ്രസിഡന്റ് പനച്ചമൂട് ഷാജഹാൻ, റാഫി മെമോറിയൽ ക്ലബ് സെക്രട്ടറി പ്രദീപ് മധു, അശ്വധ്വനി കമാലുദ്ദിൻ, ആർ.പ്രേമചന്ദ്രൻ നായർ, തെക്കൻ സ്റ്റാർ ബാറുഷ, ഡോ.വിജയൻതോമസ്, തൈക്കാട് കൃഷ്ണൻകുട്ടി, ബീമാപള്ളി ജഹാംഗീർ സംസാരിച്ചു. ആസിഫ് മുഹമ്മദ് സ്വാഗതവും ആതിര നന്ദിയും പറഞ്ഞു.

ചന്ദ്രിക

14 / 3 / 24

# മുഹമ്മദ് മജീദിന്റെ നിര്യാണം; അനുശോചിച്ചു

തിരുവനന്തപുരം: പ്രമുഖ വ്യവസായിയും അമേരിക്കയിലെ സബിൻസ് കോർപ്പറേഷൻ ചെയർമാനും, ബാംഗ്ലൂർ സവിലാബിന്റെ മാനേജിംഗ് ഡയറക്ടറും, കേരള മുസ്‌ലിം ജമാഅത്ത് കൗൺസിൽ ദേശീയ സമിതി അംഗവുമായ ഡോ. മുഹമ്മദ് മജീദിന്റെ നിര്യാണത്തിൽ കേരള മുസ്‌ലിം ജമാഅത്ത് കൗൺസിൽ അനുശോചിച്ചു. ദേശീയ സെക്രട്ടറി മുഹമ്മദ് ബഷീർ ബാബുവിന്റെ അധ്യക്ഷതയിൽ സംസ്ഥാന പ്രസിഡന്റ് കരമന ബയാർ ഉദ്ഘാടനം ചെയ്തു. ദേശീയ ജനറൽ സെക്രട്ടറി ത്ര ശൂർ എ.എം. ഹാരിസ് അനുശോചന പ്രമേയം അവ രിപ്പിച്ചു.

മെട്രോ വാർത്ത

14 / 3 / 24

# ഡോ. മുഹമ്മദ് മജീദിനെ അനുസ്മരിച്ചു

തിരുവനന്തപുരം: ബഹുരാഷ്ട്ര ആരോഗ്യഗവേഷണ നിർമാണ സ്ഥാപനമായ സമി സബിൻസ ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ ഡോ. മുഹമ്മദ് മജീദിന്റെ നിര്യാണത്തിൽ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ കേരള ബ്രാഞ്ച് അനുശോചനയോഗം സംഘടിപ്പിച്ചു. കൊല്ലം സ്വദേശിയും തിരുവനന്തപുരം ഗവ. ഫാർമസി കോളെജിലെ ആദ്യ ബാച്ച് വിദ്യാർഥിയുമായിരുന്ന അദ്ദേഹത്തെ പഴയ അധ്യാപകർ, സഹപാഠികൾ, ഫാർമസി മേഖലയിൽ പ്രവർത്തിക്കുന്ന സഹപ്രവർത്തകർ, ഐപിഎ കേരള ബ്രാഞ്ച് ഭാരവാഹികൾ അനുസ്മരിച്ചു. പ്രൊഫ. എ.കെ. ചന്ദ്രശേഖരൻ, ഡോ. പി. ജയശേഖർ, ഡോ. സി.എസ്. സതീഷ്കുമാർ, എം.പി. ജോർജ്, ആർ. പരമേശ്വർ, ഡോ. സിസ്റ്റർ ബെറ്റി കാർല, ഡോ. ജോൺ ജോസഫ്, കെ.ജി. അനിൽകുമാർ, എം.ആർ. പ്രദീപ്, ഷിസി പകൽക്കുറി, എൽ.ആർ. ജയരാജ്, ഡോ. സി.എസ്. മഞ്ജു എന്നിവർ പ്രസംഗിച്ചു. പരേതനോടുള്ള ആദരസൂചകമായി എല്ലാ മാർച്ച് 13നും ഡോ. മുഹമ്മദ് മജീദ് സ്മാരക അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിക്കാനും ഔഷധനിർമാണ രംഗത്തെ ഐപിഎ ഫാർമ ഔഷധ എക്സെലൻസ് അവാർഡ് അദ്ദേഹത്തിന്റെ പേരിൽ നല്കാനും തീരുമാനിച്ചു

മാധ്യമം

14 / 3 / 24

# സമി-സബിൻസ ഗ്രൂപ് ചെയർമാൻ ഡോ. മുഹമ്മദ് മജീദ് നിര്യാതനായി

**ബംഗളൂരു:** ബംഗളൂരു ആസ്ഥാനമായുള്ള സമി-സബിൻസ ഗ്രൂപ് ലിമിറ്റഡ് സ്ഥാപകനും ചെയർമാനുമായ കൊല്ലം വലിയകടക്കാരൻ വീട്ടിൽ ഡോ. മുഹമ്മദ് മജീദ് (75) നിര്യാതനായി. ബുധനാഴ്ച ഉച്ചകഴിഞ്ഞ് ചെന്നൈയിലായിരുന്നു അന്ത്യം. ആയുർവേദത്തെ ആധുനിക വൈദ്യശാസ്ത്രവുമായി സംയോജിപ്പിച്ച് ശ്രദ്ധനേടിയ ഡോ. മജീദ് ഇന്ത്യൻ ന്യൂട്രാസ്യൂട്ടിക്കൽ വ്യവസായത്തിന്റെ പിതാവ് എന്നാണ് അറിയപ്പെടുന്നത്.



*ഡോ. മുഹമ്മദ് മജീദ്*

ന്യൂട്രാസ്യൂട്ടിക്കൽ, കോസ്മെസ്യൂട്ടിക്കൽ മേഖലയിൽ നിരവധി പേറ്റന്റുകളും അന്താരാഷ്ട്രതലത്തിൽ നൂറിലധികം അംഗീകാരങ്ങളും നേടിയിട്ടുണ്ട്. 1948 സെപ്റ്റംബർ 25നായിരുന്നു ജനനം. തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്ന് ഫാർമസിയിൽ ബിരുദം നേടിയശേഷം 1975ൽ യു.എസിലെത്തി. ഇൻഡസ്ട്രിയൽ ഫാർമസിയിൽ ന്യൂയോർക്കിലെ ലോങ് ഐലൻഡ് സർവകലാശാലയിൽനിന്ന് എം.എസും സെന്റ് ജോൺസ് സർവകലാശാലയിൽനിന്ന് പിഎച്ച്.ഡിയും നേടി. മക്കൾ: സമി, ഷഹീൻ മജീദ്, അഞ്ജു മജീദ്. ഖബറടക്കം പിന്നീട്.